(സി ആന്റ് ഡി) താൽക്കാലിക ബണ്ടും, ഡൈവർഷൻ ചാനലും ഉപയോഗിച്ച് ഈ പ്രശ്നം പരിഹരിക്കാറാണ് പതിവ്. ഇപ്പോൾ തന്നെ പാലക്കാട് ജില്ലയിലെ 6 പദ്ധതികളിൽ തടയണകൾ ഉണ്ട്. എടപ്പാളിൽ തൃക്കണ്ണാപുരത്തും, തിരൂരിൽ തിരുനാവായിലും താൽക്കാലിക തടയണകൾ നിർമ്മിക്കാറുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ തടയണകൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ട്.

"പ്ലാച്ചിമടയിലെ ഭൂഗർഭ ജലത്തിലും ചളിയിലും അടങ്ങിയിരിക്കുന്ന ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ലോഹങ്ങൾ"

65 [1751] ശ്രീ. സി. പി. മുഹമ്മദ്:
" തേറമ്പിൽ രാമകൃഷ്ണൻ:
" എം. എ. ചന്ദ്രശേഖരൻ:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ ഭൂഗർഭജലത്തിലും ചളിയിലും മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമായ ഏതെല്ലാം ലോഹങ്ങൾ അടങ്ങിയിട്ടുണ്ട്;

(ബി) കൊക്കകോള കമ്പനി പുറത്ത് വിടുന്ന അവശിഷ്ടങ്ങളിലും മാലിന്യങ്ങളിലും മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ലോഹങ്ങൾ എത്ര അളവിൽ അടങ്ങിയിരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്ലാച്ചിമടയിലെ ഭൂഗർഭ ജലത്തിലും ചളിയിലും അടങ്ങിയിട്ടുള്ള ആരോഗ്യത്തിന് ഹാനികരമായ ലോഹാംശത്തിന്റെ അളവെത്രയാണ്;

(ഡി) പ്ലാച്ചിമടയിലെ ഭൂഗർഭ ജലത്തിലും ചളിയിലും ഉള്ളതിനേക്കാൾ കൂടിയ അളവിൽ ആരോഗ്യത്തിന് ഹാനികരമായ ലോഹാംശം കൊക്കകോള കമ്പനി തള്ളുന്ന അവശിഷ്ടങ്ങളിൽ കാണുവാൻ കാരണമെന്ത്;

(ഇ) കോള ഉൽപ്പാദനത്തിന് ആഹാരത്തിന് അനുയോജ്യമല്ലാത്ത എന്തെങ്കിലും ഉൽപ്പന്നം അവർ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാശം നൽകുമോ?

ഉത്തരം

(എ) ഭൂജലവകുപ്പിലെ അനലിറ്റിക്കൽ ലാബറട്ടറിയിൽ വാട്ടർ സാമ്പിളുകൾ മാത്രമേ പരിശോധിക്കുന്നുള്ളൂ. പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിക്ക് പരിസരത്തുള്ള ഭൂജല സാമ്പിളുകൾ പരിശോധിച്ചതിൽ ലെഡ്ഡും കാഡ്മിയവും അനുവദനീയമായ അളവിൽ താഴയേ അടങ്ങിയിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊക്കകോള കമ്പനി പുറത്തുവിടുന്ന അവശിഷ്ടങ്ങളും മാലിന്യങ്ങളും ഭൂജല വകുപ്പ് പരിശോധിച്ചിട്ടില്ല.

(സി) പ്ലാച്ചിമടയിലെ ഭൂജലത്തിൽ ലെഡ്, കാഡ്മിയം എന്നിവ അനുവദനീയമായ അളവിലും താഴെയാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) കമ്പനി തള്ളുന്ന അവശിഷ്ടങ്ങൾ ഈ വകുപ്പിന്റെ ലാബറട്ടറിയിൽ പരിശോധിച്ച് വിധേയമാക്കിയിട്ടില്ല.

(ഇ) ആഹാര പദാർത്ഥങ്ങളോ പാനീയങ്ങളോ ഈ വകുപ്പു പരിശോധിക്കുന്നില്ല.

പ്ലാച്ചിമട ഭാഗത്ത് ഭൂഗർഭജല ശേഖരത്തിന്റെ അളവ്

66 [1752] ശ്രീ. സി. പി. മുഹമ്മദ്:
" എം. എ. ചന്ദ്രശേഖരൻ:
" തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള കമ്പനിയുടെ ഫാക്ടറി സ്ഥാപിച്ചിട്ടുള്ള പ്ലാച്ചിമട ഭാഗത്ത് ഭൂഗർഭ ജലശേഖരത്തിന്റെ അളവെത്രയാണ്;

(ബി) പ്രതിദിനം എത്ര വെള്ളം അവർ ഉപയോഗിക്കുന്നു;

(സി) വെള്ളമെടുക്കുവാൻ വേണ്ടി എത്ര പൈപ്പുകളും പമ്പുകളും സ്ഥാപിക്കുവാൻ അവരെ അനുവദിച്ചുവെന്നും അവർ എത്ര പൈപ്പുകളും പമ്പുകളും അവിടെ സ്ഥാപിച്ചുവെന്നും വളരെ ആഴത്തിൽ അവർ പൈപ്പുകൾ സ്ഥാപിച്ചതിനാൽ ചുറ്റുപാടുമുള്ളവരുടെ കിണറുകളിൽ വെള്ളം കിട്ടാതെ വരുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊക്കകോള ഫാക്ടറി സ്ഥിതി ചെയ്യുന്ന പ്ലാച്ചിമട വില്ലേജ് ചിറ്റൂർ ബ്ലോക്കിൽ പെട്ടതാണ്. ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ കണക്ക് പ്രകാരം ചിറ്റൂർ ബ്ലോക്കിൽ നെറ്റ് ഗ്രൗണ്ട് വാട്ടർ ലഭ്യത 66.74 എം. സി. എം. ആണ്.

(ബി) പ്രതിദിനം 5 ലക്ഷം ലിറ്റർ വെള്ളം ഫാക്ടറി ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly